**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 561**

**06-03-2012 - ൽ മറുപടിയ്ക്ക്**

**<u>അമരവിളയിൽ സിഡ്കോയുടെ ടൈൽ ഫാക്ടറി</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അമരവിളയിൽ സിഡ്കോയുടെ ടൈൽ ഫാക്ടറി വക വസ്തു വെറുതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിഡ്കോയുടെ അധീനതയിലുള്ള അമരവിളയിലെ ടൈൽ ഫാക്ടറി ഉൾപ്പെടെയുള്ള സ്ഥലം 2005 മേയ് മാസം മുതൽ തൃശ്ശൂർ ചെറുവല്ലൂർ ചോലൻ വീട്ടിൽ ശ്രീ. സി.എസ്. കുഞ്ഞാറുവിന് വാടകയ്ക്ക് കൊടുത്തിരുന്നു. എന്നാൽ ടിയാൻ സിഡ്കോയുമായുള്ള കരാർ ലംഘിച്ചതിനെ തുടർന്ന് 23.10.2008-ൽ സിഡ്കോ ടി സ്ഥലം ഒഴിപ്പിച്ചെടുത്തു. ടിയാനിൽ നിന്നും സിഡ്കോയ്ക്ക് ലഭിക്കുവാനുള്ള തുക വസൂലാക്കുവാനുള്ള നിയമ നടപടികൾ തുടർന്നുവരുന്നു. |
| (ബി) പ്രസ്തുത സ്ഥലത്ത് ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അന്യാധീനപ്പെട്ടുപോകുന്ന പ്രസ്തുത സ്ഥലത്ത് ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ? | (ബി) മേൽ നിയമ നടപടികൾ പൂർത്തിയായശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ